"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - ഇടുക്കി മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണത്തിന്റെ പ്രാരംഭ ചെലവുകൾക്കായി സാംസ്കാരിക വകുപ്പിന്റെ ശീർഷകത്തിൽ അധിക ധനാനുമതിയായി വകയിരുത്തിയ തുക കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പി.എസ്.ടി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.372/2026/CLAD    തീയതി, തിരുവനന്തപുരം, 29-07-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.127/2026/CLAD തീയതി 12.02.2026.
2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 28.03.2026 തീയതിയിലെ പി4-345/26/സാംവ നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം.4925/2026/ധന തീയതി 11.06.2026.
4. സ.ഉ.(സാധാ) നം.4974/2026/ധന തീയതി 15.06.2026.

**ഉത്തരവ്**

ഇടുക്കി തീയേറ്റർ കോംപ്ലക്സ് നിർമ്മാണത്തിന് പത്ത് കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നൽകിയും, പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിച്ചുകൊണ്ടും, പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെ നിയോഗിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഇരുപത്തിയഞ്ച് ലക്ഷം രൂപ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പി.എസ്.ടി.എസ്.ബി. അക്കൗണ്ട് നമ്പറിലേക്ക് ലഭ്യമാക്കുന്നതിനുള്ള കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അപേക്ഷ പരാമർശം (2) കത്ത് പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

**2.** ഇടുക്കി തീയേറ്റർ കോംപ്ലക്സ് നിർമ്മാണ പദ്ധതിക്ക് പരാമർശം (3) പ്രകാരം "4202-04-800-79-08"-Multiplex Theatre, Idukki (P)" എന്ന ശീർഷകം ആരംഭിക്കുകയും പ്രസ്തുത ശീർഷകത്തിൽ പരാമർശം (4) പ്രകാരം അധിക ധനാനുമതിയായി 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തി ഉത്തരവായിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി മൾട്ടിപ്ലക്സ് തിയേറ്റർ

നിർമ്മാണത്തിന്റെ പ്രാരംഭ ചെലവുകൾക്കായി സാംസ്കാരിക വകുപ്പിന്റെ "4202-04-800-79-08"- Multiplex Theatre, Idukki (P)" എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി വകയിരുത്തിയ 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ 799012700000507 നമ്പർ പി.എസ്.ടി.എസ്.ബി. അക്കൗണ്ട് നമ്പറിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. അധികധനാനുമതിയായി അനുവദിച്ച തുക നടപ്പുസാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി ധനപുനർവിനിയോഗം വഴി ക്രമീകരിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തീരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3394036/PU-C2/18/2026-FIN Dated 23.06.2026)
കരുതൽ ഫയൽ (A3/76/2022-CLAD)

ഉത്തരവിൻ പ്രകാരം
Digitally signed by
Sheeba K P
Date: 30-07-2026
14:48:43
സെക്ഷൻ ഓഫീസർ